# Australian Minister for Foreign Affairs and Women, H.E. Marise Payne, and Minister for Defence, H.E. Peter Dutton call on Prime Minister

September 11, 2021

# ഓസ്ട്രേലിയൻ വിദേശകാര്യ, വനിതാ മന്ത്രി, മാരിസ് പെയ്ൻ, പ്രതിരോധ മന്ത്രി, പീറ്റർ ഡട്ടൻ എന്നിവർ പ്രധാനമന്ത്രിയെ സന്ദർശിച്ചു

സെപ്റ്റംബർ 11, 2021

ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള ആദ്യ മന്ത്രിതല 2+2 ചർച്ചകൾക്ക് ശേഷം ഓസ്ട്രേലിയൻ വിദേശകാര്യ, വനിതാ മന്ത്രി, മാരിസ് പെയ്ൻ, പ്രതിരോധ മന്ത്രി പീറ്റർ ഡട്ടൻ എന്നിവർ ഇന്ന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയെ സന്ദർശിച്ചു സംഭാഷണം. നടത്തി.

2+2 ഡയലോഗിൽ ഉൽപാദനപരമായ ചർച്ചകൾക്ക് ഓസ്ട്രേലിയൻ നേതാക്കളെ പ്രധാനമന്ത്രി അഭിനന്ദനം അറിയിച്ചു, ഇത് ഇരു രാജ്യങ്ങളും തമ്മിലുള്ള തന്ത്രപരമായ ഒത്തുചേരലിന്റെ സൂചനയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

കൂടിക്കാഴ്ചയിൽ തന്ത്രപരവും സാമ്പത്തികവുമായ ഉഭയകക്ഷി സഹകരണം കൂടുതൽ വിപുലീകരിക്കുന്നതിനുള്ള സാധ്യതകൾ, ഇന്തോ-പസഫിക് മേഖലയോടുള്ള ഇരു രാജ്യങ്ങളുടെയും പൊതുവായ സമീപനം, ഓസ് ട്രേലിയയിലെ ഇന്ത്യൻ സമൂഹത്തിന്റെ വർദ്ധിച്ചുവരുന്ന പ്രാധാന്യം എന്നിവയുൾപ്പെടെ നിരവധി വിഷയങ്ങൾ ചർച്ച ചെയ്തു.

കഴിഞ്ഞ വർഷം ഇരു രാജ്യങ്ങൾക്കുമിടയിൽ സ്ഥാപിതമായ സമഗ്ര തന്ത്രപരമായ പങ്കാളിത്തം അതിവേഗം പുരോഗമിക്കുന്നതിൽ പ്രധാനമന്ത്രി സ്കോട്ട് മോറിസൺ വഹിച്ച പങ്കിനെ പ്രധാനമന്ത്രി അഭിനന്ദിച്ചു. തന്റെ സൗകര്യാർത്ഥം ലഭിക്കുന്ന ആദ്യ അവസരത്തിൽ ഇന്ത്യ സന്ദർശിക്കാനുള്ള പ്രധാനമന്ത്രി മോറിസണിനുള്ള ക്ഷണം അദ്ദേഹം പുതുക്കി.

ന്യൂ ഡൽഹി

സെപ്റ്റംബർ 11, 2021

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.